ഉത്തരം

(എ) 2005 മേയ് മാസത്തിലെ കണക്കുപ്രകാരം സംസ്ഥാനത്ത് 14151 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്കാണ് സംസ്ഥാന സർക്കാർ പൊതുവിതരണ ശൃംഖലയിലൂടെ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നത്. സംസ്ഥാന സർക്കാർ ഈ ഇനത്തിൽ സബ്സിഡി ഒന്നും നൽകുന്നില്ല.

(സി) കഴിഞ്ഞ 4 വർഷത്തിനിടയിൽ സംസ്ഥാന സർക്കാർ സബ്സിഡികൾ അനുവദിക്കുകയോ കുറവ് വരുത്തുകയോ ചെയ്തിട്ടില്ല.

(14-7-2005-ലേക്ക് നിശ്ചയിച്ചിരുന്ന നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ)

കേന്ദ്ര സഹായത്തോടെ ആരംഭിക്കുന്ന സബ്സ്റ്റേഷനുകൾ

183 [1125] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സഹായത്തോടെ പുതുതായി എത്ര വൈദ്യുതി സബ്സ്റ്റേഷനുകളാണ് ആരംഭിക്കാൻ നിശ്ചയിച്ചിട്ടുള്ളത്;

(ബി) എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ബേപ്പൂർ നിയോജക മണ്ഡലത്തിലെ നിർത്തിവച്ച പരുത്തിപ്പാറ 110 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണം ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുമോ?

ഉത്തരം

(എ) രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജനയുടെ റൂറൽ ഇലക്ട്രിസിറ്റി ഡിസ്ട്രിബ്യൂഷൻ ബാക്ക്ബോൺ (REDB) പാക്കേജ് പ്രകാരം സംസ്ഥാനത്തെ 10 ജില്ലകളിലായി 94.57 കോടി രൂപ ചെലവിൽ 25 പുതിയ സബ്സ്റ്റേഷനുകൾ പണിയുന്നതിനുള്ള ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ഒന്നാം ഘട്ടമെന്ന നിലയിൽ മലപ്പുറം ജില്ലയിൽ മങ്കട എന്ന സ്ഥലത്ത് ഒരു 66/11 കെ. വി. സബ്സ്റ്റേഷൻ പണിയുന്നതിനുള്ള അനുമതി ലഭിച്ചു. ബാക്കി സബ്സ്റ്റേഷനുകൾക്കുള്ള അനുമതി ഉടനെ ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു.

(ബി) ഉത്തരം അനുബന്ധമായി ചേർക്കുന്നു.†

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജനയുടെ (RGGVY) പാക്കേജ് പ്രകാരം 33/11 കെ. വി., 66/11 കെ. വി. സബ്സ്റ്റേഷനുകളുടെ നിർമ്മാണത്തിനുള്ള അനുമതി മാത്രമേ ലഭിക്കുകയുള്ളൂ. അതിനാൽ 110 കെ. വി. സബ് സ്റ്റേഷന്റെ നിർമ്മാണം ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സാധിക്കുകയില്ല.

വൈദ്യുതി ബോർഡിലെ നിയമനം

184 [1126] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗാർഹിക ഗാർഹികേതര വൈദ്യുത ഉപഭോക്താക്കൾക്ക് എത്ര പ്രാവശ്യം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്; യൂണിറ്റിന് എത്ര ശതമാനം വച്ചാണ് വർദ്ധിപ്പിച്ചത്;

(ബി) മറ്റെന്തെല്ലാം അധിക ചാർജ്ജുകളാണ് ഉപഭോക്താവിൽനിന്ന് ഈടാക്കിക്കൊണ്ടിരിക്കുന്നത്; പ്രസ്തുത ചാർജ്ജുകൾ എന്നു മുതലാണ് ഈടാക്കുന്നത്;

(സി) വൈദ്യുതി റഗുലേറ്ററി കമ്മീഷൻ വൈദ്യുതി ചാർജ്ജ് സംബന്ധിച്ച് ഏതെല്ലാം പുതിയ നിർദ്ദേശങ്ങളാണ് ബോർഡിന് സമർപ്പിച്ചിട്ടുള്ളത്; ഇതു സംബന്ധിച്ച് ബോർഡ് എന്തു നടപടികൾ സ്വീകരിച്ചു;

(ഡി) വൈദ്യുതി ചാർജ്ജ് വർദ്ധനവ് സംബന്ധിച്ച് വൈദ്യുതി റഗുലേറ്ററി കമ്മിഷൻ എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്തു തീരുമാനമാണ് സർക്കാരും ബോർഡും കൈക്കൊണ്ടിട്ടുള്ളത്?

ഉത്തരം

(എ) 8/2001 മുതലും 10/2002 മുതലും രണ്ടു പ്രാവശ്യം യഥാക്രമം 25%-വും 20%-വും വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുകയുണ്ടായി.

(ബി) 1-5-2002 മുതൽ എൽ. റ്റി. ഉപഭോക്താക്കളിൽനിന്നും താഴെ പറയും പ്രകാരം പ്രതിമാസ മീറ്റർ വാടക ഈടാക്കിവരുന്നുണ്ട്:

(1) സിംഗിൾ ഫേസ് മീറ്ററോടുകൂടിയുള്ള സർവ്വീസ് കണക്ഷൻ — രൂപ 10

(2) 3 ഫേസ് മീറ്റർ (20 ആമ്പിയർ കപ്പാസിറ്റി വരെ) — രൂപ 20

(3) 3 ഫേസ് മീറ്റർ (20 ആമ്പിയറിനു മുകളിൽ 30 ആമ്പിയർ കപ്പാസിറ്റി വരെ) — രൂപ 50

(4) 3 ഫേസ് മീറ്റർ (30 ആമ്പിയറിനു മുകളിൽ കപ്പാസിറ്റി ഉള്ളതും സി. റ്റി മീറ്ററിനും) — രൂപ 75.

GPM. 2/567/2012—28

LIBRARY ARCHIVES Kerala Legislative Assembly